# ഇതൾ



## ലിറ്റിൽ കൈറ്റ്സ് 2023-24

**സി.എച്.എം.എച്ച്.എസ്.എസ്.**

**കാവുംപടി**

# □ □□ □

വാക്കുകൾ അന്യം നിന്നു പോകുന്ന
ഈ വർത്തമാനകാലത്ത്
വാടിക്കരിയുന്ന ഈ ഊഷ്മള
ഭൂമിയിൽ ഈ വാർന്നു വീഴുന്ന
അക്ഷരങ്ങളുടെ വർണ്ണ
കൂട്ടുകളിലാണ് ഇന്നിന്റെ
പ്രതീക്ഷകൾ:
അപൂർണ്ണതയിൽ നിന്ന്
പൂർണ്ണതയിലേക്കുള്ള
ജീവിത യാത്രയിൽ ഊന്നുവടിയായി
ആശ്വാസമായി പാഥേയമായി ഈ
അക്ഷരക്കൂട്ടുകൾ സമർപ്പിക്കട്ടെ
കർമ്മസാക്ഷിയുടെ കിരണങ്ങൾ
വാരിപ്പുണരുന്ന പുരളിമലയുടെ
താഴ്‌വരയിൽ അനുഭവങ്ങളും
അറിവുകളും വീക്ഷണമാണ്
പക്ഷേ എല്ലാ അനുഭവങ്ങളും
കഥകൾ ആവില്ല കഥളെല്ലാം
അനുഭവങ്ങളുമാവില്ല



മിനി ജോസഫ്
ഹെഡ്മിസ്ട്രസ്
സി.എച്ച്.എം.എച്ച്,എസ്.എസ്
കാവുംപടി

# അങ്കിളും അമൃതയും

അമൃത രാവിലെ ഉണരുമ്പോൾ എന്നും കാണുന്ന ഒരു കാഴ്ചയുണ്ട്. ഭർമുഡ യും ടിഷർട്ടും ധരിച് ജോഗിങ്ങിന് പോകുന്ന ഒരു അങ്കിൾ.അവളുടെ അമ്മാവന്മാരുടെ പ്രായമുണ്ട്. പക്ഷെ മോഡേൺ ആയതുകൊണ്ട് അമ്മാവൻ എന്ന് വിളിക്കാൻ അവൾക്ക് തോന്നിയില്ല.രാവിലെ ഗേറ്റിൽ നിന്ന് പത്രം എടുക്കാൻ ചെല്ലുമ്പോൾ അവൾ കുറച്ച് സമയം കാത്തു നിൽക്കും.അങ്കിൾ വന്നാൽ ഹായ് എന്ന് വിഷ് ചെയ്യും. വേഗത്തിൽ നടക്കുന്നതിനിടയിൽ ഒന്ന് കൈവേശി കാണിച്ചിട്ട് അങ്കിൾ നടന്നു പോകും. അവളും ഇതുപോലെ കുറച്ചുനാൾ ജോഗിങ്ങിന് പോയതാണ്.നാട്ടിൻ പുറം ആയതുകൊണ്ട് നാട്ടുകാരുടെ കമന്റ് കേട്ട് മടുത്തു.ഒടുവിൽ രാവിലെ അവൾ കാമുകനെ കാണാൻ പോകുന്നതാണ് എന്നായി കഥ ആരോ കുറ്റികാട്ടിൽ വച്ച് കണ്ടെത്രെ.അതോടെ അവൾ രാവിലത്തെ നടപ്പ് നിർത്തി.പതിവുപോലെ രാവിലെ അങ്കിൾ വന്നപ്പോൾ അവൾ വിഷ് ചെയ്തു.അങ്കിൾ കൈവിശി കാണിച്ചിട്ട് വീണ്ടും നടക്കാൻ തുടങ്ങിയപ്പോൾ അവൾ പറഞ്ഞു അങ്കിൾ എനിക്കൊരു കാര്യം പറയാനുണ്ട്. അങ്കിൾ തിരിഞ്ഞുനോക്കി.ഞാനും ഇതുപോലെ കുറച്ചുനാൾ നടന്നതാണ്. പക്ഷെ നാട്ടുകാരുടെ ശല്യം കാരണം നിർത്തേണ്ടി വന്നു. ഞാൻ കാമുകനെ കാണാൻ പോകുന്നതാണ് എന്നെ കുറ്റിക്കാട്ടിൽ വച്ച് കണ്ടെന്നുവരെ കഥകൾ ഇറങ്ങി. ഞാനും കൂടെ വന്നോട്ടെ അപ്പോൾ പിന്നെ ആരും കമന്റ് അടിക്കില്ലല്ലോ. അവൾ പറഞ്ഞു. താൻ എന്റെ കൂടെ വന്നാൽ നമ്മളെ പറ്റിയും കഥകൾ ഇറക്കില്ലേ അങ്കിൾ ചോദിച്ചു. അങ്കിളിന് എന്റെ അച്ഛന്റെ പ്രായമല്ലേ അതുകൊണ്ട് ആരും സംശയിക്കില്ല അവൾ പറഞ്ഞു. അവളെ അടിമുടി നോക്കിയിട്ട് അങ്കിൾ പറഞ്ഞു.  തന്നെ കാണാൻ സുന്ദരിയാണ് അതുകൊണ്ടാണ്  മറ്റുള്ളവർ ശ്രദ്ധിക്കുന്നത് എന്ന് അങ്കിൾ പറഞ്ഞു. ആദ്യമായിട്ടാണ് ഒരാൾ മുഖത്തു നോക്കി സുന്ദരിയാണെന്ന് പറയുന്നത്.

ഫാത്തിമ എൻ
9 B

# ഒരു കഥ മുളയ്ക്കുമ്പോൾ

തന്റെ നീളമുള്ള ജുബ്ബാ തേച്ചു കൊണ്ടിരിക്കെ അവന്റെ മനസ്സിലേക്ക് ഒരു കഥയെഴുതണമെന്നുള്ള വിചാരം കടന്നുവന്നു. പെട്ടന്നുതന്നെ.തന്റെ നോട്ട്ബുക്കിന്റെ രണ്ട് താളുകൾ കീറി അവൻ എഴുതാതിരുന്നു. തന്റെ പകുന്നി തേച്ചുവച്ചിരിക്കുന്ന ജുബ്ബയിലേക്ക് നോക്കി കഥയെങ്ങനെ തുടങ്ങണമെന്ന് ആലോചിച്ചു. എന്തായാലും കഥ എഴുതുകതന്നെ. കുറെ നാളായി ബുദ്ധിജീവി ചമഞ്ഞ് ജുബ്ബയുമിട്ട് തോൾസഞ്ചിയും തൂക്കി നടക്കാൻ തുടങ്ങിയിട്ട്. കണ്ടാൽ ഒരു കഥാകാരന്റെ 'ലുക്ക്' ഒക്കെയുണ്ട്. പക്ഷേ ഇന്നുവരെ ഒരു കഥയും എഴുതാൻ കഴിഞ്ഞിട്ടില്ല. ഇത്തവണയെങ്കിലും കോളേജ് മാഗസിനിൽ ഒരു കഥയെഴുതണം. അവൻ തിരുമാനിച്ചു. മൂന്ന് വർഷം കഴിയാറായി ഇനിയെങ്കിലും ഈ സഞ്ചിയും ജുബ്ബായുമിട്ട് നടക്കുന്നതിന് ഒരു അർത്ഥമുണ്ടാകണം കൂട്ടുകാരുടെ കളിയാക്കലുകൾക് ഒരു വിരാമമിടണം. അവരോട് എന്തു പറയാൻ! ഒരു കഥയെഴുതുന്നതിന്റെ ബുദ്ധിമുട്ട് അവരെങ്ങനെ അറിയാൻ? കോളേജിൽ ചേർന്നപ്പൊതൊട്ട് മനസിൽ ഒരു കഥാ ബീജം വീണതാണ്. അത് ഇതു വരെ മുപ്പിക്കാൻ കഴിഞ്ഞിട്ടില്ല.അന്നുതൊട്ട് ജുബ്ബയും, സഞ്ചിയും കൂടെകൂട്ടി. കഥയെഴുതിയില്ലെങ്കിലെന്താ, ഒരു കഥാബീജമെങ്കിലും തന്റെ മനസിലുണ്ടല്ലോ. അതുപോലുമില്ലാത്ത ഇവരോട് എന്ത് മറുപടി പറയാൻ? കഥയെഴുതുക തന്നെ "ഒരടിത്ത് ഒരു കാക്കയുണ്ടായിരുന്നു. അവൻ എഴുതിത്തുടങ്ങി. അവസാനം കഥയൊന്ന് വായിച്ചുനോക്കി. ഇതെന്തുകഥ? കുഞ്ഞായിരുന്നപ്പോ അമ്മ പറഞ്ഞുതന്ന കാക്കയുടെയും കുറുക്കന്റെയും കഥപോലെ തോന്നുന്നു. 'ഇതുവേണ്ട'. ഇനിയെന്തു ചെയ്യും? ഒറ്റവഴിതന്നെ, പഴയ വല്ല മാഗസിനുകളിലും നോക്കുക തന്നെ. കഴിഞ്ഞ ദിവസം കുറെ മാഗസിനുകൾ പലയിടത്തുനിന്നും സംഘടിപ്പിച്ചുവച്ചിട്ടുണ്ട്. തന്റെ മനസിലെ കഥാബീജത്തിനുപറ്റിയ വല്ല കഥയുമുണ്ടോയെന്ന് നോക്കാം. സമയം പോയതുമിച്ചം. ഒന്നുമില്ല. ഇവരൊക്കെ എന്താ എഴുതി വച്ചിരിക്കുന്നത്? ഒന്നും ഒരു സ്റ്റാൻഡാർഡും ഇല്ലാത്തവ. ഇങ്ങനെയാക്കെയാണോ ഒരു മാഗസിനിലെഴുതുന്നത്. ഒരു സിഗരറ്റ് കുറ്റിയെങ്കിലും കിട്ടിയിരുന്നെങ്കിൽ വലിച്ചോണ്ടിരുന്ന് ആലോചിക്കാമായിരുന്നു. അതുമില്ല. ഒരു കഥാകാരന്റെ വിഷമം ആരറിയാൻ. എന്ത ഇന്ന് നീ കോളേജിൽ പോകുന്നില്ലേ' അമ്മ വിളിച്ചു ചോദിക്കുന്നു. ഇനിയുമിറങ്ങിയില്ലെങ്കിൽ അച്ഛന്റെ ചീത്ത ഉറപ്പാണ്. അവസാനം അവൻ ഒരു തീരുമാനമെടുത്തു. തേച്ചുകൊണ്ടിരുന്ന ജുബ്ബ എടുത്ത് അലമാരയുടെ ഉള്ളിലേക്ക് വലിച്ചെറിഞ്ഞു. അവിടെ നിന്നും ഒരു ഷർട്ടുമെടുത്തിട്ട് എഴുതാൻ പറ്റാത്ത കഥയുടെ നൊമ്പരവുമായി പതിയെ കോളേജിലേക്ക്.....

-ശുഭം-

റഷ കെ പി
9 A

# നിസ്സഹായത

ചീറിപ്പാഞ്ഞെത്തിയ കാർ ആ വൃദ്ധയെ ഇടിച്ച് വീഴ്ത്തി നിർത്താതെ പോയി. ആരും ഇല്ലന്നറിനായിരിക്കും വാഹനം തന്നെ ഇടിച്ച് വീഴ്ത്തിയെതെന്ന് അവർ വിചാരിച്ചു. കാലുചതഞ്ഞു കിടന്ന അവരുടെ നില ദയനീയമായിരുന്നു.വേദന കൊണ്ട് അവർ പുളഞ്ഞിരുന്നു. മക്കളും അവരുടെ ഭാര്യമാരും വിദേശത്തായതോടെയാണ് അവരുടെ അമ്മ ഒറ്റപ്പെട്ടത്. ആഹാരവും വെള്ളവുമല്ലാം ശേഖരിച്ച് ആ വീട്ടിൽ അവർ ഒറ്റക്കാണ് കഴിഞ്ഞിരുന്നത്. മക്കൾക്ക് ആഹാരം നൽകി, രോഗങ്ങളിൽ ശുശ്രൂഷിച്ച് അറിവും ജീവിതവും ഉണ്ടാക്കിക്കൊടുത്തു. തനിയെ ജീവിക്കാനായപ്പോൾ അവർ തന്നെ മറന്നുവെന്ന് വൃദ്ധ ഓർത്തു പോയി. ഈ ചിന്തകൾക്കിടയിൽ ആളുകൾ ഓടിക്കൂടി, വൃദ്ധയെ ആശുപത്രിയിൽ എത്തിക്കാനുള്ള ശ്രമമായി.

ഹന്ന ഫാത്തിമ
9B

# പ്രകൃതി

ജീവവായുവാണ്
ദാഹജലം ആണ്
സ്വപ്നതുല്യമാണ്
അമ്മതൻ സ്നേഹമാണ്
എന്നിലെ മുന്നോട്ടുള്ള യാത്രയാണ്

സഞ്ജന . എൻ
9 A

# കാമം

അവൾ ചിരിക്കാൻ ശ്രമിക്കുകയാണെകിലും അവൾക്കതിന് സാധ്യമല്ല............. ആരൊക്കെയോ ചേർന്ന് അവളുടെ ചുണ്ടുകൾ തുന്നി കെട്ടിയിരുന്നു......... അവളിലെ വാക്കുകളുടെ നദിയെ മണ്ണിട്ടു മൂടിയിരുന്നു....... അവളിലെ സ്വപ്നങ്ങളെ തല്ലി കെടുത്തുന്നു....... എങ്കിലും. അവളുടെ കണ്ണുകളിലെ. മഹാസാഗരത്തെ തടുക്കാൻ അവർക്കായില്ല........ അവളിലെ സ്നേഹത്തെ അവർ തുടച്ചു മാറ്റിയിരുന്നു..... പക്ഷെ. അവളുടെ മനസ്സ് ചിന്നി ചിതറി യിരുന്നു........ സ്നേഹത്തിന്റെ കണ്ണുകളിലെ കാമത്തെ കണ്ടു തുടങ്ങിയപ്പോൾ മുതൽ

സുലൈമ ഈൗ പി
9A

## സുന്ദരീ നീ വനം

സുന്ദരീ നീ വനം നിദ്രയിലാണ്ടുവോ?
എന്തേ നിൻ ദളങ്ങൾ ഇത്ര നിർമ്മലം?
ലോലമാം കുസുമാംഗങ്ങളെന്തിനിത്ര സുന്ദരം?
ഹരിതമാം ഇലകളി ചൊല്ലുന്നു.
താളത്തിലാട്ടിയിടും സുമമേ....
നീയന്തേ മറന്നു പോയി?
ആർദ്രമാം നിൻ ദൃശ്യം എത്ര സുന്ദരം
ആലോലമായ് ഈ കാനനം ആടവേ
സ്വർഗ്ഗതുല്യമാം ഈ ലോകത്തിൽ
മലരണിഞ്ഞു നിൽക്കേ നീ
സുമംഗലീ ....
ശാന്തമായ ഒരു സൗന്ദര്യരൂപം

ശ്രീ ലക്ഷ്മി. പി
10.B

# മരണം

വിശ്വസിക്കില്ല നീ ഏന്നെയും
കാരണം, ആർക്കൊക്കയോ
എന്തിനോ ഏതിനോ വേണ്ടി അലയുന്നുനീ
ഭോജനം പോലും മറന്ന് കൊണ്ട്

എങ്കിലും, പറയാതെ വയ്യെനിക്ക് നിന്നോട്
കാണ്ണുകൾ തുറക്കു.....
കാതുകൾ കുർപ്പിക്കു
നീ കേൾക്കുന്നില്ലേ മുഴക്കം

മണി മുഴക്കം മരണത്തിൽ മണി മുഴക്കം
കേൾക്കുന്നുണ്ടാകും നീ –
കേൾകുന്നുണ്ടെങ്കിൽ ഈ ജീവിത ഭാരം
അതെന്നും നിൻ മുമ്പിലുണ്ട്

ഏറി വരുന്നൊരി ജീവിതപാച്ചിൽ
അറിയാതെ നീ തളർന്നു പോയാൽ
മരണത്തെ മറന്നു പോയാൽ.....
അറിയും നീ അതിൽ ക്രൂര ഭാവം
കേൾക്കു നീയതിൽ നിത്യ ശബ്ദം

അറിയുന്നു ഞാൻ ഈ ജീവിതം
അതൊരി ഇടവേള മാത്രം
നീയും ഞാനും വെറുതെ.....
കരയുന്നു, ചിരിക്കുന്നു, സുഖമാം –
ജീവിതത്തിനായ്

ഒരുനാൾ വാതിലിൽ മുട്ടും മരണം
ഞാൻ വാതിൽ തുറക്കും
അതിൽ ലയികും, കാരണം
വാതിൽ മുട്ടെന്നൊരു, വ്യക്തിയെപ്പോഴും
മാന്യനാം നിന്റെ അതിഥിയല്ലേ

**ഹസ്ന എം കെ**
9C